**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന - സൗത്ത് പരവൂർ നഗരസഭ - സെക്രട്ടറിയായിരുന്ന ശ്രീ. കെ. പ്രേമചന്ദ്രനെതിരായ അച്ചടക്ക നടപടി അവസാനിപ്പിച്ച് - ഉത്തരവ് .പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 1372/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 29.04.2017.

================================================================

**പരാമർശം :**
1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 01.07.2014 തീയതിയിലെ E2(QV 04/13/KLM) 18617/2013 നമ്പർ കത്ത്.
2) സൗത്ത് പരവൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.കെ. പ്രേമചന്ദ്രന് നൽകിയ 12.02.2015 തീയതിയിലെ 76961/ഇയു1/14/ തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.
3) കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ.കെ. പ്രേമചന്ദ്രൻ സമർപ്പിച്ച 23.03.2015 തീയതിയിലെ പ്രതിവാദ പത്രിക.
4) നഗരകാര്യ ഡയറക്ടറുടെ 22.10.2016 തീയതിയിലെ വി1-4674/15/ഡി.യു.എ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി പരവൂർ നഗരസഭയിൽ 2011-12 വർഷത്തിൽ നടപ്പാക്കിയ 'ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഓഫ് ഹോംസ്' എന്ന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയതുമായി ബന്ധപ്പെട്ട ക്രമക്കേട് സംബന്ധിച്ച് സൗത്ത് പരവൂർ നഗരസഭയിലെ വാർഡ് കൗൺസിലർ ആയ ശ്രീമതി. ഓമന.എൻ.എം.ന്റെ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ താഴെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്:-

2) നിലവിലുള്ള വീടിന്റെ അറ്റകുറ്റപ്പണികൾ വിഭാവനം ചെയ്ത് നടപ്പാക്കിയ 'ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഓഫ് ഹോംസ്' എന്നപദ്ധതിയിൽ അപേക്ഷക ബി.പി.എൽ കുടുംബത്തിൽ ഉൾപ്പെട്ടയാളും കുടുംബനാഥയുമായിരി ക്കണമെന്ന മാനദണ്ഡപ്രകാരം വാർഡുസഭകൾ ബന്ധപ്പെട്ട വാർഡ് കൗൺസിലറുടെ അദ്ധ്യക്ഷതയിൽ കോഡിനേറ്റർമാരായി ചുമതലപ്പെടുത്തിയ ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ കൂടുകയും തീരുമാനം മിനുട്ട്സ് ബുക്കിൽ ജീവനക്കാർ, ബന്ധപ്പെട്ട കൗൺസിലർ എന്നിവർ

കൗണ്ടർസൈൻ ചെയ്ത് രേഖപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത ലിസ്റ്റിൽ അനർഹരായ അപേക്ഷകർ ഉണ്ടെന്ന് കണ്ടതിനാൽ ആയത് കൗൺസിൽ അംഗീകരിച്ചിരുന്നില്ല. വാർഡ് കൗൺസിലർമാരുമായി ബന്ധപ്പെട്ട് പുതിയലിസ്റ്റ് തയ്യാറാക്കുകയും ആയത് 28.12.2011 തീയതിയിലെ കൗൺസിൽ അംഗീകരിക്കുകയും, തീരുമാനം മുനിസിപ്പൽ കൗൺസിലിന്റെ മിനുട്ട്സ് ബുക്കിൽ ഒട്ടിക്കുകയും ചെയ്തിരുന്നു. എന്നാൽ പരിശോധനയിൽ ലിസ്റ്റിലെ ഗുണഭോക്താക്കളുടെ പേരുകൾ മായ്ച്ച് തിരുത്തലുകൾ വരുത്തിയതായി കണ്ടെത്തി. മിനുട്ട്സ് ബുക്കുകൾ തയ്യാറാക്കേണ്ടത് കോഓർഡിനേറ്റർമാരായി നിയോഗിച്ചിരുന്ന ഉദ്യോഗസ്ഥരുടെ ചുമതല ആയിരിക്കെ, വാർഡ് കൗൺസിലർമാരുടെ അനുമതിയോ, വാർഡുസഭകളുടെ അംഗീകാരമോ ഇല്ലാതെ കൗൺസിലർമാർ തന്നെ മിനുട്ട്സ് ബുക്ക് തയ്യാറാക്കി തിരുത്തലുകൾ വരുത്തിയിട്ടുണ്ട്. അംഗീകരിച്ച ലിസ്റ്റും കരട് ലിസ്റ്റും താരതമ്യം ചെയ്തതിൽ പല പേരുകളും ഒഴിവാക്കി പുതിയ പേരുകൾ കൂട്ടിച്ചേർത്തതായും ആയതിൻ പ്രകാരം ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) ഇത്തരത്തിൽ വാർഡ് സഭ മിനുട്ട്സ് ബുക്ക് കൃത്യമായി സൂക്ഷിക്കുന്നത് ഉറപ്പുവരുത്താതിരുന്നതിന് ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.കെ. പ്രേമചന്ദ്രനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയുമുണ്ടായി.

4) കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ.കെ. പ്രേമചന്ദ്രൻ സമർപ്പിച്ച പരാമർശം മൂന്നിലെ പ്രതിവാദ പത്രികയിൽ ''വാർഡ് കോ-ഓർഡിനേറ്റർമാർ തയ്യാറാക്കിയ വാർഡ് സഭാ മിനിട്ട്സിൽ വാർഡ് കോ-ഓർഡിനേറ്റർമാരുടെ സമ്മതം ഇല്ലാതെ ഗുണഭോക്തൃ ലിസ്റ്റിൽ തിരുത്തൽ വരുത്താൻ സാധ്യമല്ല എന്നും മിനിട്ട്സ്സ് ബുക്ക് പ്ലാൻ സെക്ഷനിൽ ലഭിച്ചു കഴിഞ്ഞാൽ അവിടെയും കൗൺസിലർമാർ ഇടപെടാനുള്ള സാദ്ധ്യതയുണ്ട് എന്നും ഈ വിഷയത്തിൽ വാർഡ് കോ-ഓർഡിനേറ്റർമാർ അഥവാ പ്ലാൻ സെക്ഷന്റെ മൗനാനുവാദം ഉണ്ടായിരുന്നത് വ്യക്തമാണെന്നും വാർഡ് കോ-ഓർഡിനേറ്റർ, പ്ലാൻ സെക്ഷൻ ക്ലാർക്ക്, സൂപ്രണ്ട് എന്നിവർ ചേർന്ന് തയ്യാറാക്കി അയച്ച ലിസ്റ്റ് ഉത്തമ വിശ്വാസത്തിലെടുത്താണ് കൗൺസിൽ പരിഗണനയ്ക്ക് ശുപാർശ ചെയ്തത് എന്നും, 20.08.2011-ൽ കൗൺസിലിൽ അവതരിപ്പിച്ച് അംഗീകാരം ലഭിച്ച ലിസ്റ്റിൽ യാതൊരു വിയോജനക്കുറിപ്പും ലഭിച്ചിട്ടില്ലെന്നും പ്രസ്താവിച്ചിട്ടുണ്ട്. കൂടാതെ മറ്റ് ജീവനക്കാർ ചെയ്ത തെറ്റിന് തന്നെ ഉത്തരവാദിയാക്കരുത് എന്നും അഭ്യർത്ഥിച്ചു.

5) മേൽ വിഷയത്തിൽ നഗരകാര്യ ഡയറക്ടർ സമർപ്പിച്ച പരാമർശം നാലിലെ കത്തിൽ ചുവടെ ചേർക്കുന്ന വിവരങ്ങൾ അറിയിച്ചിട്ടുണ്ട്.

"ജൂലൈ 2011-ൽ ചേർന്ന പരവൂർ നഗരസഭയിലെ വാർഡ് സഭാ മിനിട്ട്സ് ബുക്കിൽ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ തിരുത്തലുകൾ വരുത്തിയിട്ടുണ്ട്. കേരളാ മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 30(12), വകുപ്പ് 45(സി) എന്നിവ പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള പരമാധികാരം വാർഡ് സഭകളിൽ നിക്ഷിപ്തമാണ്. വാർഡ് സഭ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണനാ ക്രമത്തിൽ മാറ്റം വരുത്താൻ പാടില്ല എന്ന് കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 30 (13) ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സുതാര്യമായും ആക്ഷേപമില്ലാതെയും നടത്തുന്നതിനു വേണ്ടി G.O.(P) No. 220/97/LAD

തീയതി 02.10.1997 നമ്പർ ഉത്തരവ് മുഖേന സർക്കാർ വിശദമായ മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. ടി ചട്ടങ്ങളും ഉത്തരവുകളും പരിഗണിക്കുമ്പോൾ 2010-11 ലെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ പരവൂർ നഗരസഭയിൽ വിജിലൻസ് റിപ്പോർട്ടിൽ പറയുന്നതുപോലെ ഗുരുതരമായ കൃത്യവിലോപം നടത്തിയിട്ടുണ്ട് എന്ന് അനുമാനിക്കാവു ന്നതാണ്. ടി കൃത്യവിലോപത്തിന് അന്നത്തെ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.കെ.പ്രേമചന്ദ്രൻ ഉത്തരവാദി ആയിരുന്നോ എന്ന കാര്യം പുനർവിചിന്തനം ചെയ്യപ്പെടേണ്ടതാണ്.

നഗരസഭകളിൽ വാർഡ് സഭകൾ സംഘടിപ്പിക്കുന്നതിനും അതിന്റെ മിനിട്ട്സ് തയ്യാറാക്കുന്നതിനും ഓരോ നഗരസഭാ ഉദ്യോഗസ്ഥരെ വാർഡ് കോ-ഓർഡിനേറ്റർ ആയി നിയോഗിക്കുകയും, അവർ രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന മിനിട്ട്സ് ബന്ധപ്പെട്ട വാർഡ് കൗൺസിലർ ഒപ്പിട്ട് പ്ലാൻ സെക്ഷനിൽ നൽകുകയും, എല്ലാ വാർഡുകളും ചേർന്നുള്ള മുൻഗണനാ ലിസ്റ്റുകൾ തയ്യാറാക്കുന്നത് പ്ലാനിംഗ് സെക്ഷനിൽ നിന്നുമാണ്. വാർഡ് സഭാ മിനിട്ട്സ് ബുക്കുകൾ സൂക്ഷിക്കുന്നതും പ്ലാനിംഗ് സെക്ഷനിൽ തന്നെയാണ്. 2011 ജൂലൈ മാസത്തിലാണ് വിവിധ തീയതികളിൽ സൗത്ത് പരവൂർ നഗരസഭയിൽ വാർഡ് സഭകൾ ചേർന്ന് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. 08.11.2011-ൽ ആണ് സൗത്ത് പരവൂർ നഗരസഭയിൽ ശ്രീ. കെ. പ്രേമചന്ദ്രൻ നഗരസഭാ സെക്രട്ടറി ആയി ചുമതല ഏറ്റെടുക്കുന്നത്. അതായത് ശ്രീ. കെ. പ്രേമചന്ദ്രൻ സെക്രട്ടറി ആയി ചുമതല ഏറ്റെടുക്കുന്നതിനു മുമ്പ് തന്നെ 2010-11 ലെ ഗുണഭോക്താക്കളുടെ വാർഡ് സഭയിലെ തെരഞ്ഞെടുപ്പ് കഴിഞ്ഞിരുന്നു. ടി വാർഡ് സഭ, മിനിട്ട്സ് ബുക്ക് പരിശോധിച്ച് വാർഡ് കോ-ഓർഡിനേറ്റർ, പ്ലാൻ സെക്ഷൻ ക്ലാർക്ക് എന്നിവർ ചേർന്ന് തയ്യാറാക്കി സെക്ഷൻ സൂപ്രണ്ട് പരിശോധിച്ച് ഗുണഭോക്താക്കളുടെ ലിസ്റ്റ്, ഉത്തമ വിശ്വാസത്തിലെടുത്ത് 28.12.2011-ൽ നടന്ന കൗൺസിൽ പരിഗണനയ്ക്ക് അയയ്ക്കുകയാണ് സെക്രട്ടറി എന്ന നിലയിൽ ശ്രീ. കെ. പ്രേമചന്ദ്രൻ ചെയ്തിട്ടുള്ളത്. 19.12.2011-ലെ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും, 28.12.2011-ലെ കൗൺസിലിലും ടി ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചപ്പോൾ യാതൊരു വിയോജനക്കുറിപ്പും ലഭിച്ചിരുന്നില്ല എന്ന ശ്രീ. കെ. പ്രേമചന്ദ്രന്റെ വാദവും അംഗീകരിക്കേണ്ടതാണ്. വാർഡ് സഭ മിനിട്ട്സ് ബുക്കിൽ ഗുണഭോക്താക്കളുടെ പേരിൽ തിരുത്തൽ വരുത്തിയെങ്കിൽ അതിന് ഉത്തരവാദിയാകുക വാർഡ് സഭാ കോ-ഓർഡിനേറ്ററും, പ്ലാൻ സെക്ഷൻ ക്ലാർക്കുമായിരിക്കും. വാർഡ് കൗൺസിലറോ മറ്റാരെങ്കിലുമോ ഗുണഭോക്തൃ ലിസ്റ്റിൽ തുരുത്തൽ വരുത്തിയെങ്കിൽ അക്കാര്യം പ്ലാൻ സെക്ഷൻ ക്ലാർക്കോ, വാർഡ് സഭാ കോ-ഓർഡിനേറ്റർമാരോ നഗരസഭാ സെക്രട്ടറിയുടെ ശ്രദ്ധയിൽ പ്പെടുത്തണമായിരുന്നു. ഇവിടെ ഇപ്രകാരം ഉണ്ടായിട്ടില്ല. കൗൺസിൽ പരിഗണനയ്ക്കായി തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റ് ഓരോ വാർഡ് സഭാ മിനിട്ട്സ് ബുക്കുമായി വെച്ച് ക്രോസ് വെരിഫിക്കേഷൻ നടത്താൻ ജോലിത്തിരക്ക് കാരണം നഗരസഭാ സെക്രട്ടറിമാർക്ക് കഴിയാറില്ല. ഇക്കാര്യത്തിൽ കീഴ്ജീവനക്കാരെ വിശ്വാസത്തിലെടുക്കാനേ കഴിയുകയുള്ളൂ. നഗരസഭയിൽ നടന്നിട്ടുള്ള അപാകതകൾക്ക് സൗത്ത് പരവൂർ നഗരസഭയുടെ മുഖ്യകാര്യ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ നഗരസഭാ സെക്രട്ടറി ആയിരുന്ന ശ്രീ. കെ. പ്രേമചന്ദ്രൻ ഉത്തരവാദി ആണ് എങ്കിലും ഈ വിഷയത്തിൽ ശ്രീ. കെ. പ്രേമചന്ദന്റെ മറുപടി അംഗീകരിച്ചും, ടിയാൻ ഇതിനോടകം സർവ്വീസിൽ നിന്നും വിരമിച്ചു കഴിഞ്ഞു എന്നത് പരിഗണിച്ചും

കുറ്റാരോപണ മെമ്മോയിൽ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റങ്ങളിൽ നിന്ന് ശ്രീ. കെ. പ്രേമചന്ദ്രനെ ഒഴിവാക്കാവുന്നതാണ്.''

6) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീ.കെ. പ്രേമചന്ദ്രൻ സർവ്വീസിൽ നിന്ന് വിരമിച്ച വസ്തുതയും ടിയാന്റെ മറുപടിയും നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടും പരിഗണിച്ച് ടിയാനെതിരായ അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്. മോഹൻദാസ്,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ഇ),കേരള, തൃശൂർ.
ശ്രീ. കെ. പ്രേമചന്ദ്രൻ, റിട്ട. മുനിസിപ്പൽ സെക്രട്ടറി.
(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വൈബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വിജിലൻസ് വകുപ്പ് (04.03.2017 തീയതിയിലെ 1642/ഡി1/2017/വി.ജി.. നമ്പർ പ്രകാരം.)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**